"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 31.10.2022

# സംസ്ഥാനതല വിജിലൻസ് ബോധവൽക്കരണ വാരാചരണം മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു.

ഈ വർഷത്തെ വിജിലൻസ് ബോധവൽക്കരണ വാരാചരണം ഇന്ന് മുതൽ (**31-10-2022 മുതൽ നവംബർ 6**) വരെ നടത്തപ്പെടുകയാണ്. വാരാചരണത്തിന്റെ സംസ്ഥാനതല സംസ്ഥാനതല ഉത്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ വിജിലൻസ് ആസ്ഥാനത്ത് ഇന്ന് (31-10-2022) നിർവ്വഹിച്ചു. നമ്മുടെ നാടിന്റെ വികസനത്തെ പിന്നോട്ട് നയിക്കുന്ന അഴിമതിക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തുന്ന "അഴിമതി രഹിത കേരളം" പദ്ധതിയുടെ സംസ്ഥാന തല ക്യാമ്പയിൻ ഇക്കഴിഞ്ഞ ഒക്ടോബർ 18 ന് ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ വർഷത്തെ വിജിലൻസ് ബോധവൽക്കരണ വാരാചരണത്തിന്റെ ഭാഗമായി ഇന്നേ (31-10-2022) ദിവസം സർക്കാരിന്റെ വിവിധ വകുപ്പുകളിലെയും പൊതുമേഖല സ്ഥാപനങ്ങളിലെയും വിജിലൻസ് ഉദ്യോഗസ്ഥർക്കായി നടപ്പിലാക്കിയ ഏകദിന ശില്പശാലയുടെ ഉത്ഘാടനവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തദവസരത്തിൽനിർവ്വഹിച്ചു.

അഴിമതി രഹിത കേരളം കെട്ടിപ്പടുക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിപ്പിക്കേണ്ടതിന്റെയും ജനങ്ങളുടെ സഹകരണം ഉറപ്പക്കേണ്ടതിന്റെ ആവശ്യകതയും യോഗത്തിൽ പങ്കെടുത്ത വിജിലൻസ് ഉദ്യോഗസ്ഥരെ ഓർമ്മിപ്പിച്ചു. വിവിധ വകുപ്പുകളിലെ പദ്ധതികൾ പൂർത്തീകരിച്ച ശേഷം പാളിച്ചകൾ കണ്ടെത്തുന്ന സംവിധാനം ഒഴിവാക്കി അതാതു വകുപ്പുകളിലെ ഇന്റേർണൽ വിജിലൻസ് ഉദ്യോഗസ്ഥർ പദ്ധതി

നിരവ്വഹണ വേളയിൽ തന്നെ അപാകതകൾ ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വിജിലൻസ് ഉദ്യോഗസ്ഥരോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ചില വകുപ്പുകളിലെ ഒറ്റപ്പെട്ട അഴിമതിക്കാരെ കണ്ടെത്തുന്നതിലേക്കായി വിജിലൻസ് ഉദ്യോഗസ്ഥർ ഇപ്പോൾ നടത്തി വരുന്ന മിന്നൽ പരിശോധനകൾ മറ്റ് വകുപ്പുകളിലേക്കും വ്യപിപ്പിക്കേണ്ടതാണെന്നും മുഖ്യമന്ത്രി വിജിലൻസിനോട് ആവശ്യപ്പെട്ടു. ചിലയിടങ്ങളിൽ ചില വകുപ്പുകളിലെ ഇടനിലക്കാർ മുഖേനെയുള്ള അഴിമതി തുടച്ചു നീക്കണമെന്നും, അത്തരം ഇടനിലക്കാരെ സർക്കാർ സംവിധാനങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിലെക്കായി അതാത് വകുപ്പുകളിലെ ഇന്റെർണൽ വിജിലൻസ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ ജന സേവന പ്രവൃത്തികളും ഒരു ചങ്ങലയിലെ കണ്ണികൾ പോലെ കോർത്തിണക്കി മുന്നേറുമ്പോൾ അഴിമതി ആ ശൃംഖലയിൽ വിള്ളൽ വീഴ്ത്തുകയാണ്. ആയതിനാൽ ആ കണ്ണി മുറിച്ചു നീക്കി സർക്കാറിന്റെ വികസന പ്രവർത്തനങ്ങളെ കൂടുതൽ ദൃഢവും സുതാര്യവുമാക്കി പൊതുജനസേവനം കുറ്റമറ്റതാക്കുകയാണ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ചെയ്തു വരുന്നത്. വികസനത്തിന് വിഘാതമായി നിൽക്കുന്ന അഴിമതിയെന്ന ചങ്ങല കണ്ണിയെ മുറിച്ചുമാറ്റി സേവനത്തിന്റെയും സത്യസന്ധതയുടെയും പുതിയ കണ്ണികൾ വിളക്കിചേർത്തുകൊണ്ടാണ് പ്രതീകാത്മകമായി ഉദ്ഘാടനം നിർവ്വഹിച്ചത്. കൂടാതെ വിവിധ ജില്ലകളിലായി വിജിലൻസ് പൂർത്തിയാക്കിയ 7 നിർമ്മിതികളുടെ ഉത്ഘാടനവും തദവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈൻ ആയി നിർവ്വഹിച്ചിട്ടുള്ളതുമാകുന്നു.

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പൂർത്തീകരിച്ച വിജിലൻസ് കിഴക്കൻ മേഖല ഓഫീസിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനവും, വിജിലൻസ് ആലപ്പുഴ യൂണിറ്റിലെ ട്രെയിനിംഗ് ഹാൾ, വിജിലൻസ് ഇടുക്കി യൂണിറ്റിലെ ട്രെയ്നിംഗ് ഹാളും സോളാർ പവർ പ്ലാന്റും, വിജിലൻസ് മധ്യ മേഖലാ ഓഫീസിലെ ട്രെയിനിംഗ് ഹാൾ, വിജിലൻസ് ഉത്തര മേഖല ഓഫീസിലെ ട്രെയിനിംഗ് ഹാൾ ആൻഡ് ട്രാൻസിലേറ്റീവ് ഫെസിലിറ്റീസ്, വിജിലൻസ് പാലക്കാട് യൂണിറ്റിലെ ഒന്നും രണ്ടും നിലകളുടെ ഉത്ഘാടനം, വിജിലൻസ് ഡയറക്ടറേറ്റിലെ 15 KW സോളാർ പവർ പ്ലാന്റ് എന്നിവയാണ് മുഖ്യമന്ത്രി ഇന്ന് ഉത്ഘാടനം ചെയ്ത 7 നിർമ്മിതികൾ.

യോഗത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി ഡോ: ശ്രീ വി പി ജോയ് ഐ എ എസ് അദ്ധ്യക്ഷനും, വിജിലൻസ് ആൻഡ് ഹോം അഡിഷണൽ ചീഫ് സെക്രട്ടറി ശ്രീ വി വേണു ഐ എ എസ് മുഖ്യ പ്രഭാഷണവും നടത്തിയ ചടങ്ങിൽ വിജിലൻസ് ഡയറക്ടർ ശ്രീ മനോജ് എബ്രഹാം ഐ പി എസ് സ്വാഗതവും വിജിലൻസ് ഐ ജി പി ശ്രീ എച്ച് വെങ്കടേഷ് കൃതജ്ഞത പറഞ്ഞു. ചടങ്ങിനു വിജിലൻസ് അഡിഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ശ്രീ കെ ഡി ബാബു സന്നിഹിതനുമായിരുന്നു.





VIGILANCE AND ANTI-CORRUPTION BUREAU
15 KWP SOLAR POWER PLANT
Shri. PINARAYI VIJAYAN
Shri. Dr. V. P. JOY IAS
Shri. V. VENU IAS
Shri. MANOJ ABRAHAM IPS
Shri. H. VENKATESH IPS
Shri. E.S. BIJUMON
Shri. K.D. BABU
Shri. VINOD C.
Shri. SURESH BABU


ബോധവത്കരണ
നിർമ്മിതികളുടെയും


സ്വാഗതം
ഒക്ടോബർ 31 മുതൽ
നവംബർ 6 വരെ
വിജിലൻസ് ബോധവത്കരണ
വാരാചരണത്തിന്റെയും
വിവിധ നിർമ്മിതികളുടെയും
ബഹു. കേരളാ മുഖ്യമന്ത്രി
ശ്രീ പിണറായി വിജയൻ

